പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 713

6.2.2013 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി കരാറിലെ വ്യവസ്ഥകൾ

ചോദ്യം

ശ്രീ.എസ്. ശർമ്മ ;
ശ്രീ. പുരുഷൻ കടലുണ്ടി ;
ശ്രീ. സാജു പോൾ ;
ശ്രീ. എ. പ്രദീപ് കുമാർ ;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

എ) സ്മാർട്ട്സിറ്റി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പദ്ധതികൾ നിർവ്വഹിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

ബി) നിശ്ചിത സമയത്തിനകം നിശ്ചിത വിസ്തൃതിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും തൊഴിലവസരങ്ങളും ഉണ്ടായിട്ടില്ലെങ്കിൽ നൽകേണ്ടിയിരുന്ന പിഴ സംബന്ധിച്ച കരാറിലെ വ്യവസ്ഥകൾ വിശദമാക്കാമോ ;

(എ) യും (ബി) യും

13.5.2007 ലെ ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട്സിറ്റി പദ്ധതി പൂർത്തീകരിക്കേണ്ടത് 10 വർഷം കൊണ്ടാണ്. പ്രസ്തുത കാലാവധി കഴിഞ്ഞാൽ നിശ്ചിത വിസ്തൃതിയിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും തൊഴിലവസരവും ഉണ്ടായിട്ടില്ലെങ്കിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിലെ ആർട്ടിക്കിൾ 7.2.1 ആന്റ് 7.2.2 പ്രകാരം ടീക്കോമിന്റെ മുഴുവൻ ഓഹരികളും ഏറ്റെടുക്കാനും സർക്കാരും ടീക്കോമും തമ്മിലുള്ള പാട്ടക്കരാർ റദ്ദാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സി) കടമ്പ്രയാറിന്റെ രണ്ടു കരകളും ചേർത്ത് ഒറ്റ സെസ് ലഭ്യമാക്കാമെന്ന് കരാറിൽ വ്യവസ്ഥ ഉണ്ടായിരുന്നുവോ ;

സി) ഇല്ല.

ഡി) സെസ് പദവി ലഭിച്ച സ്ഥലങ്ങൾ സംബന്ധിച്ച സെസ് വ്യവസ്ഥകൾ വിശദമാക്കാമോ ;

ഇ) ആദ്യഘട്ടത്തിൽ സെസ് പദവി ലഭിച്ച 131 ഏക്കർ സ്ഥലത്ത് ടീക്കോം ഇവ പാലിച്ചിട്ടുണ്ടോ ;

(ഡി) യും (ഇ) യും

സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിക്കും കൂടി ഒറ്റ സെസ് പദവി നേടുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. വിജ്ഞാപനം ലഭിച്ചതിന് ശേഷം അതിലുള്ള വ്യവസ്ഥകളാണ് ടീക്കോം ഇനി പാലിക്കേണ്ടത്.

| | | | |
|---|---|---|---|
| എഫ്) | സ്മാർട്ട്സിറ്റിയിൽ ഐ.ടി. ക്ക് എത്ര ശതമാനം സ്ഥലം വിനിയോഗി-ക്കേണ്ടതുണ്ട് ; പാർപ്പിട വാണിജ്യാവശ്യങ്ങൾക്കുള്ള ശതമാനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | എഫ്) | ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 70% സ്ഥലം ഐ.ടി. ക്കായി വിനിയോഗിക്കണം. പാർപ്പിട വാണിജ്യാവശ്യങ്ങൾക്കുള്ള ശതമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. |
| ജി) | സ്മാർട്ട്സിറ്റി പ്രവർത്തനം എപ്പോൾ ആരംഭിക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; അപ്പോൾ മാസ്റ്റർപ്ലാനിന്റെ എത്ര ശതമാനം പൂർത്തിയാക്കണമെന്നാണ് ലക്ഷ്യം ; ഇതിനായി എത്ര തുക നിക്ഷേപിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ? | ജി) | സ്മാർട്ട്സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല സ്മാർട്ട്സിറ്റി ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിക്കായതിനാൽ മാസ്റ്റർപ്ലാൻ, നിക്ഷേപിക്കേണ്ട തുക എന്നിവ സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ